**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5669** **13-08-2021 - ൽ മറുപടിയ്ക്ക്**

**നദി പുനരുജ്ജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നദി പുനരുജ്ജീവന പദ്ധതി പ്രകാരം ഏതൊക്കെ നദികളിലാണ് പ്രവൃത്തികൾ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | കേരളത്തിലെ ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മഴക്കാ ലത്ത് ലഭ്യമാകുന്ന ജലം പ്രാദേശികാവശ്യങ്ങൾക്ക് എത്തിക്കുന്നതിലും, വെള്ളക്കെട്ട്/ പ്രളയം ഒഴിവാക്കുന്നതിലും, ഗ്രാമീണ/നഗര കുടിവെള്ള പദ്ധതികൾക്ക് ജലം ലഭ്യമാക്കുന്നതിലും നദി കൾ പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ പാരിസ്ഥിതിക സംരക്ഷണം, ജൈവവൈവിധ്യ സംര ക്ഷണം, കാർഷിക വ്യവസ്ഥ എന്നിവ നിലനിർത്തുന്നതിലും സ്ഥായിയാക്കുന്നതിലും പുഴക ളുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇത് കണക്കിലെടുത്ത് പുഴ പുന:രുജ്ജീവന പ്രവർത്തനങ്ങൾ ജനകീയമായി നിർവ്വഹിക്കുന്നതിന്റെ ഭാഗമായി വരട്ടാർ നദി പുന:രുജ്ജീവനം, കുട്ടമ്പേരൂർപുഴ, കാനാമ്പുഴ, കോലറയാർ, മുട്ടംപറപ്പതോട്, കടമ്പ്രയാർ, പെരുംതോട്, പുന്നൂർപ്പുഴ, കൊട്ടാരക്കര പാണ്ടിവയൽ തോട്, കിള്ളിയാർ എന്നിവ ശുദ്ധീക രിച്ച് നീരൊഴുക്ക് സാധ്യമാകുന്ന പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഉപമി ഷനായ "ജലസമൃദ്ധി" യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാനുകളിലെ നിർദ്ദേശ ങ്ങൾ കൂടി പരിഗണിച്ചുള്ള പ്രവർത്തനമാണ് മേൽപറഞ്ഞ പുഴകളിൽ നിർവ്വഹിക്കപ്പെട്ടത്. കൂടാതെ മീനച്ചിൽ- മീനന്തറയാർ- കൊടൂരാർ പുന:സംയോജന പ്രവൃത്തി ജനപങ്കാളിത്തത്തോ ടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ജലസേചനവകുപ്പിന്റെ സങ്കേതിക- സാമ്പത്തിക സഹായത്തോടെയും പുന:രുജ്ജീവനം നിർവ്വഹിക്കുവാൻ കഴി ഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ